# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **16-06-2014- ൽ മറുപടിക്ക്**
**ചോദ്യം നമ്പർ: 166**

## മാരിടൈം ബോർഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.മുരളീധരൻ :**<br>**,, കെ.അച്ചുതൻ :**<br>**,, തേറമ്പിൽ രാമകൃഷ്ണൻ :**<br>**,, സണ്ണി ജോസഫ് :** | | | ശ്രീ. കെ.ബാബു<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)** |
| (എ) | മാരിടൈം ബോർഡ് സ്ഥാപിക്കാൻ എന്തെല്ലാം ശ്രമങ്ങൾ നടത്തിയിട്ടുണ്ടന്ന് വിശദമാക്കുമോ; | (എ) | മാരിടൈം സ്റ്റേറ്റ് ഡവലപ്മെന്റ് കൗൺസിൽ ആഗസ്റ്റ് 2010-ൽ ചെന്നൈയിൽ വച്ച് നടത്തിയ യോഗത്തിൽ ഗുജറാത്ത്, തമിഴ്നാട്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ മാരിടൈം ബോർഡ് രൂപീകരണം നടന്നു കഴിഞ്ഞുവെന്നും ബാക്കിയുള്ള തീരദേശ സംസ്ഥാനങ്ങളിൽ ഷിപ്പിംഗ് മന്ത്രാലയം, കോസ്റ്റ് ഗാർഡ്, നേവി തുടങ്ങിയവയുടെ പങ്കാളിത്തത്തോടെ മാരിടൈം ബോർഡ് രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ട മെന്ന നിലയിൽ കേരള സംസ്ഥാന തുറമുഖ വകുപ്പ്, സംസ്ഥാന മാരിടൈം സൊസൈറ്റി, കേരളാ സ്റ്റേറ്റ് മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവരെ ഉൾക്കൊള്ളിച്ചു കൊണ്ട് മാരിടൈം ബോർഡ് രൂപീകരിക്കുന്ന തിനായി കരട് ബിൽ തയ്യാറാക്കുകയും പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയു മാണ്. |
| (ബി) | **പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;** | (ബി) | ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനം, പരിപാലനം, പരിരക്ഷ, കപ്പൽ മന്ത്രാലയത്തിന്റേയും കപ്പൽ ഗതാഗത വകുപ്പിന്റേയും മറ്റും നിയമങ്ങൾ നടപ്പിലാക്കൽ, വിവിധ തരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനവും സർട്ടിഫിക്കറ്റും നൽകൽ തുടങ്ങിയവ, വിവിധ വകുപ്പുകളേയും സ്ഥാപനങ്ങളേയും ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കൽ എന്നിവയാണ് മാരിടൈം ബോർഡിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |

| | | | |
|---|---|---|---|
| (സി) | മത്സ്യമേഖല വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) & (ഡി) | പരിഗണനയിലില്ല. |
| (ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ